**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1112** **11-02-2025 - ൽ മറുപടിയ്ക്ക്**

**തീരദേശ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തീരദേശത്തെ പശ്ചാത്തല സൗകര്യ വികസനത്തിനായി സംസ്ഥാന സർക്കാർ മത്സ്യമേഖലയിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | **കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ**<br><br>തീരദേശത്തെ പശ്ചാത്തല സൗകര്യ വികസനത്തിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തീരദേശ മേഖലയിൽ മത്സ്യബന്ധന തുറമുഖങ്ങൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, ആധുനിക മത്സ്യമാർക്കറ്റുകൾ, മത്സ്യഗ്രാമ ങ്ങളുടെ ആധുനികവൽക്കരണം, മത്സ്യ ഗ്രാമങ്ങളെ കാലാവസ്ഥാ പ്രതിരോധ ഗ്രാമങ്ങളായി പര്യാപ്തമാക്കൽ, തീരദേശ ത്തെ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നവരെ മാറ്റി പാർപ്പിക്കുന്നതിനായി ഭവന സമുച്ചയ നിർമ്മാണം, ആരോഗ്യ വിദ്യാഭ്യാസാടി സ്ഥാന സൗകര്യ വികസന പദ്ധതികൾ, തീരസംരക്ഷണം ഉറപ്പാക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുകൊണ്ടുള്ള പരിസ്ഥിതി സൗഹൃദപദ്ധതികൾ, മത്സ്യ ഫാമുകൾ, ഹാച്ചറികളുടെ വികസനം എന്നീ പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു.<br><br>**പുനർഗേഹം പദ്ധതി**<br><br>തീരദേശ മേഖലയിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് പുനരധിവസിപ്പിക്കുന്നതിന് വേണ്ടി പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റ് മുഖേന പുനർഗേഹം പദ്ധതി നടപ്പിലാക്കി വരുന്നു. തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ ജനവിഭാഗങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന ബൃഹത് പദ്ധതിയാണിത്. 2450 കോടി രൂപ അടങ്കൽ |

തുകയുള്ള പദ്ധതിയ്ക്ക് 2019-20 സാമ്പത്തിക വർഷം 26.12.2019-ലെ സർക്കാർ സ.ഉ (സാധാ) നം. 1009/2019/മ.ത്സ്യ.വ പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

പദ്ധതി പ്രകാരം വ്യക്തിഗത ഭവന നിർമ്മാണത്തോടൊപ്പം ഗുണഭോക്താക്കൾ ചേർന്ന് റസിഡൻസ് ഗ്രൂപ്പ് രൂപീകരിച്ച് നിർമ്മിക്കുന്ന അപ്പാർട്ട്മെന്റുകൾ സർക്കാർ/ സ്വകാര്യ ഭൂമി ഏറ്റെടുത്ത് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾ എന്നിവയിലൂടെ പുനരധിവാസം നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ മാറി താമസിക്കുന്ന ഒരു ഗുണഭോക്താവിന് പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്. പുനർഗേഹം പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ടുള്ള ഭൂമി രജിസ്ട്രേഷന് സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും 20.12.2021-ലെ സർക്കാർ ഉത്തരവ് (പി) നം. 130/2021/നികുതി & സർക്കാർ ഉത്തരവ് (പി) നം. 131/2021/നികുതി (അസാധാരണ ഗസറ്റ് SRO No. 962 & 963) എന്നിവ പ്രകാരം ഒഴിവാക്കി നൽകിയിട്ടുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ ചെലവാകുന്ന തുക കൂടി ഇപ്രകാരം ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്.

വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്ററിന് പുറത്ത്, സുരക്ഷിത മേഖലയിൽ സ്വന്തമായി സ്ഥലമുള്ളവരും, നിലവിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നതുമായ സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട 355 ഗുണഭോക്താക്കളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പുനർഗേഹം മാർഗ്ഗ നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയും ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതം പുനർഗേഹം പദ്ധതിയ്ക്കായി ഭരണാനുമതി നൽകിയിട്ടുള്ള 2450 കോടി രൂപയിൽ നിന്നും അനുവദിച്ച് സ.ഉ (കൈ) നം. 1/2024/മ.ത്സ്യ.വ നമ്പർ തീയതി 05/01/2024 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പദ്ധതി പ്രകാരം 9098 കുടുംബങ്ങളാണ് നിലവിൽ മാറി താമസിക്കുവാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4414 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും ആയതിൽ 3812 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1366 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

തിരുവനന്തപുരം ജില്ലയിൽ കാരോട് (128), ബീമാപള്ളി (20), കൊല്ലം ജില്ലയിൽ ക്യു. എസ്.എസ് കോളനി (114), മലപ്പുറം ജില്ലയിൽ പൊന്നാനി (128) എന്നീ കെട്ടിട സമുച്ചയങ്ങൾ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

പദ്ധതി പ്രകാരം വിവിധ ജില്ലകളിലായി 1136 ഫ്ലാറ്റുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ (96), കാരോട് രണ്ടാം ഘട്ടം (24) എന്നിവിടങ്ങളിലായി 120 ഫ്ലാറ്റുകളുടെ പ്രൊപ്പോസലുകൾ സർക്കാർ പരിഗണനയിലാണ്. പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി വിവിധ ജില്ലകളിലായി 76.92 ഏക്കർ ഭൂമി കണ്ടെത്തി ഫിഷറീസ് വകുപ്പിന് ലഭ്യമാക്കുന്ന നടപടികൾ ജില്ലാ കളക്ടർ / ലാന്റ് & റവന്യൂ കമ്മീഷണർ / ബന്ധപ്പെട്ട വകുപ്പുകൾ എന്നിവിടങ്ങളിലുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നു.

പദ്ധതി പ്രവർത്തനത്തിനായി ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 250 കോടി രൂപയും സംസ്ഥാന വിഹിതത്തിൽ നിന്നും 178.10 കോടി രൂപയും ഉൾപ്പെടെ 428.10 കോടി രൂപ നാളിതുവരെ അനുവദിക്കുകയും 427.85 കോടി രൂപ ഇതുവരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ**

തീരദേശത്തെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് മത്സ്യമേഖലയിൽ ഹാർബർ എൻജിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. **കിഫ്ബി**

കിഫ്ബി ധനസഹായത്തോടെയുള്ള പരപ്പനങ്ങാടി (112.22കോടി രൂപ), ചെത്തി (97.44കോടി രൂപ) എന്നീ രണ്ട് പുതിയ മത്സ്യബന്ധന തുറമുഖ പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. മുതലപ്പൊഴി ഫിഷിംഗ് ഹാർബറിലെ തീരസംരക്ഷണ പ്രവൃത്തിയ്ക്കായി 26.51 കോടി രൂപയുടെ പ്രവൃത്തി പുരോഗമിക്കുന്നു.

**2. നബാർഡ്**

ഹാർബറുകളുടെ നവീകരണത്തിനും പരിപാലനത്തിനും നബാർഡ് പദ്ധതിയിൽ

ഉൾപ്പെടുത്തി 250.24 കോടി രൂപയുടെ അനുമതി ലഭ്യമായി. NABARD RIDF XXVI, NABARD RIDF XXVII, NABARD-RIDF XXVIII, NABARD-RIDF XXIX, NABARD-RIDF XXX ലെ പദ്ധതികൾ പല ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**എ. നബാർഡ് XXVI (57.44 കോടി)**

1. തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം - (514.00 ലക്ഷം) - പൂർത്തീകരണഘട്ടത്തിലാണ്.

2. നീണ്ടകര ഫിഷിംഗ് ഹാർബറിലെ നിലവിലുള്ള ഘടകങ്ങളുടെ അറ്റകുറ്റപ്പണികളും അടിസ്ഥാന സൗകര്യ വികസനവും (1000.00 ലക്ഷം) - പൂർത്തീകരണ ഘട്ടത്തിലാണ്.

3. നീണ്ടകര മത്സ്യബന്ധന തുറമുഖത്തിലെ വിപുലീകരണവും ആധുനീകരണവും (ശക്തികുളങ്ങര) (3450.00 ലക്ഷം)—പുരോഗമിക്കുന്നു.

4. കായംകുളം മത്സ്യബന്ധന തുറമുഖത്തിലെ അധിക ബർത്തിംഗ് ഫെസിലിറ്റിയുടെ നിർമ്മാണം (780.00 ലക്ഷം)-പൂർത്തീകരണഘട്ടത്തിലാണ്.

**ബി. നബാർഡ് XXVII (55.54 കോടി)**

1. താനൂർ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1390.76 ലക്ഷം) – പുരോഗമിക്കുന്നു.

2. ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1343 ലക്ഷം)- പുരോഗമിക്കുന്നു.

3. വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1153 ലക്ഷം)- പുരോഗമിക്കുന്നു

4. വലിയഴീക്കൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെ അടിസ്ഥാന വികസനം - (1668 ലക്ഷം) പുരോഗമിക്കുന്നു.

**സി. NABARD XXVIII (50.94 കോടി രൂപ)**

1. കൊല്ലം ജില്ലയിലെ ആലപ്പാട് അഴീക്കൽ ഫിഷിംഗ് ഹാർബറിന്റെ നവീകരണം (2557.55 ലക്ഷം രൂപ) – പുരോഗമിക്കുന്നു.

2. കണ്ണൂർ ജില്ലയിലെ അഴീക്കൽ ഫിഷിംഗ് ഹാർബറിന്റെ നവീകരണം -(2536.85 ലക്ഷം രൂപ)- പുരോഗമിക്കുന്നു.

**ഡി. NABARD XXIX (28.09 കോടി രൂപ)**

1. മലപ്പുറം ജില്ലയിലെ പൊന്നാനി ഫിഷിംഗ് ഹാർബറിലെ പുലിമുട്ടിന്റെ റിപ്ലെനിഷ്മെന്റ് പ്രവൃത്തി-(1694.14 ലക്ഷം) - 29/12/2023 ൽ ഭരണാനുമതി നൽകിയത് പ്രകാരം ദർഘാസ് അംഗീകാരത്തിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

2. കണ്ണൂർ ജില്ലയിലെ ചാലിൽ ഗോപാൽപേട്ട ഫിഷ് ലാന്റിംഗ് സെന്ററിന്റെ വികസനം - (11.15 കോടി) – പുരോഗമിക്കുന്നു.

**ഇ. NABARD XXX (58.30 കോടി രൂപ)**

1. തൃശ്ശൂർ ജില്ലയിലെ ചേറ്റുവ ഫിഷിംഗ് ഹാർബറിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും പുനരുദ്ധാരണ പ്രവൃത്തികൾക്കുമായി (3030 ലക്ഷം രൂപ.) 28/10/2024 ൽ ഭരണാനുമതി നൽകിയത് പ്രകാരം പ്രവൃത്തി ഏർപ്പാടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

2. കൊല്ലം ജില്ലയിലെ തങ്കശ്ശേരി ഫിഷിംഗ് ഹാർബറിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും പുനരുദ്ധാരണ പ്രവൃത്തികൾക്കുമായി (2800 ലക്ഷം രൂപ.) 28/10/2024 ൽ ഭരണാനുമതി നൽകിയത് പ്രകാരം പ്രവൃത്തി ഏർപ്പാടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**3. ഓഖി ഡെവലപ്പ്മെന്റ് പാക്കേജ്**

ഓഖി ഡെവലപ്പ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തി 5 മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി 54.70 കോടി രൂപയുടെ അനുമതി നൽകി. ആയതിൽ നീണ്ടകര മത്സ്യബന്ധന തുറമുഖ രണ്ടാംഘട്ട വികസനം, മുനമ്പം മത്സ്യബന്ധന തുറമുഖത്തിലെ വടക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ, കാസർഗോഡ് ഫിഷിംഗ് ഹാർബറിലെ ബ്രേക്ക് വാട്ടറിന്റെ നീളം വർദ്ധിപ്പിക്കൽ, കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം-ഒന്നാം ഘട്ടം, എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു.

**4. പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന**

ഫിഷിംഗ് ഹാർബറുകളുടെ വിപുലീകരണത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ

സമ്പദാ യോജനയിൽ ഉൾപ്പെടുത്തി 10 പ്രവൃത്തികൾക്ക് 29/03/2023 ൽ 161.11 കോടി രൂപയും 22/11/2024 ൽ ഒരു പ്രവൃത്തിയ്ക്ക് 177.00 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതികളുടെ നിലവിലെ പുരോഗതി ചുവടെ ചേർക്കുന്നു.

1. കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ വിപുലീകരണം. (70.53 കോടി രൂപ)- വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

2. മലപ്പുറം ജില്ലയിലെ പൊന്നാനി ഫിഷിംഗ് ഹാർബറിന്റെ ആധുനികവൽക്കരണം – (18.73 കോടി രൂപ) -വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

3. കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ ആധുനികവൽക്കരണം – (16.06 കോടി രൂപ) - വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

4. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ ആധുനികവൽക്കരണം (20.90 കോടി രൂപ) -വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

5. ആലപ്പുഴ ജില്ലയിലെ കായംകുളം ഫിഷിംഗ് ഹാർബറിലെ ഡ്രെഡ്ജിംഗ് പ്രവൃത്തി - (5.53 കോടി രൂപ) – പുതുക്കിയ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

6. തൃശ്ശൂർ ജില്ലയിലെ ചേറ്റുവ ഫിഷിംഗ് ഹാർബറിന്റെ ഡ്രെഡ്ജിംഗ് പ്രവൃത്തി – (5.53 കോടി രൂപ) –സൈറ്റ് കൈമാറി നൽകിയിട്ടുണ്ട്.

7. മലപ്പുറം ജില്ലയിലെ പൊന്നാനി ഫിഷിംഗ് ഹാർബറിന്റെ ഡ്രെഡ്ജിംഗ് പ്രവൃത്തി – (6.37കോടി രൂപ) -പ്രവൃത്തി പുരോഗമിക്കുന്നു.

8. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ ഫിഷിംഗ് ഹാർബറിന്റെ ഡ്രെഡ്ജിംഗ് പ്രവൃത്തി – (5.94 കോടി രൂപ) – സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്.

9. കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ ഡ്രെഡ്ജിംഗ് പ്രവൃത്തി – (5.64 കോടി രൂപ) -പ്രവൃത്തി പുരോഗമിക്കുന്നു.

10. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ ഡ്രെഡ്ജിംഗ് പ്രവൃത്തി – (5.88 കോടി രൂപ) – പൂർത്തീകരിച്ചു.

11. തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴി ഫിഷിംഗ് ഹാർബറിന്റെ വിപുലീകരണത്തിനായി (177 കോടി )

– ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

**5. അമൃത് പദ്ധതി**

കണ്ണൂർ ജില്ലയിലെ പയ്യാമ്പലം ബീച്ചിലെ ഗ്രോയിൻ നിർമ്മാണത്തിനായി 326.07 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതു പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചു.

**6. ഫിഷറീസ് & അക്വാകൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട്**

ആലപ്പുഴ ജില്ലയിലെ അർത്തുങ്കൽ ഫിഷിംഗ് ഹാർബറിലെ ശേഷിക്കുന്ന പ്രവൃത്തികൾക്ക് ഫിഷറീസ് & അക്വാകൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിൽ (FIDF) ഉൾപ്പെടുത്തി 150.73 കോടി രൂപയുടെ ഭരണാനുമതി 29/03/2023 - ന് നൽകിയത് പ്രകാരം പ്രവൃത്തി വിവിധഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

**7. റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതി**

റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ റിവർട്രെയിനിംഗ് പ്രവൃത്തിക്കായി 28.6 കോടി രൂപയുടെ ഭരണാനുമതി നൽകിയത് പ്രകാരം പ്രവൃത്തി പുരോഗമിക്കുന്നു.

8. **തീരദേശ റോഡുകൾ**

തീരദേശ റോഡുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി എല്ലാ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ തുക വകയിരുത്താറുണ്ട്. ആയത് പ്രകാരം 2024-25 സാമ്പത്തിക വർഷം 92.61 കോടി രൂപ വകയിരുത്തിയിട്ടുള്ളതു പ്രകാരം പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

**9. സ്റ്റേറ്റ് പ്ലാൻ സ്കീം**

1. കോഴിക്കോട് ജില്ലയിലെ ആവിതോടിന്റെ ആഴം കൂട്ടൽ, സംരക്ഷണ പ്രവൃത്തി, ബീച്ച് റോഡിന്റെ പുന:രുദ്ധാരണം എന്നിവയ്ക്കായി 5.00 കോടി രൂപയുടെ ഭരണാനുമതി നൽകിയതു പ്രകാരം ഒന്നാം ഘട്ട പ്രവൃത്തികൾ പൂർത്തീകരിച്ചു. രണ്ടാം ഘട്ട പ്രവൃത്തികൾ പുരോഗമിക്കുന്നു.

2. കോഴിക്കോട് ജില്ലയിലെ മുഖദാർ ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണത്തിനായി 9.55 കോടി രൂപയുടെ ഭരണാനുമതി നൽകിയത് പ്രകാരം ഒന്നാം ഘട്ട പ്രവൃത്തികൾ പൂർത്തീകരിച്ചു. രണ്ടാം ഘട്ട പ്രവൃത്തികൾ പുരോഗമിക്കുന്നു.

3. മലപ്പുറം ജില്ലയിലെ താനൂർ ഫിഷിംഗ് ഹാർബറിന്റെ പുലിമുട്ടിന്റെ കേടുപാടുകൾ ടെട്രാപോഡുകൾ ഉപയോഗിച്ച് തീർക്കുന്നതിനുള്ള പ്രവൃത്തിക്ക് 5.85 കോടി രൂപയുടെ ഭരണാനുമതി നൽകിയതു പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചു.

4. തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ ഫിഷിംഗ് ഹാർബർ നിർമ്മാണത്തിനായി ഷോർ സ്റ്റബിലൈസേഷനായുള്ള പ്രാഥമിക പ്രവൃത്തികൾക്കായി 12/08/2024ൽ 5.00 കോടി രൂപയുടെ ഭരണാനുമതി നൽകിയതു പ്രകാരം ഒന്നാം ഘട്ട പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

**<u>10. സാഗർമാല പദ്ധതി</u>**

മത്സ്യബന്ധന തുറമുഖങ്ങളുടെ അധിക ബെർത്തിംഗിനും കരഭാഗത്തെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി സംസ്ഥാനത്തെ 7 മത്സ്യബന്ധന തുറമുഖങ്ങൾക്കായി 115.20 കോടി രൂപയുടെ ഇൻ പ്രിൻസിപ്പൽ സാംഗ്ഷൻ ലഭ്യമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കൊയിലാണ്ടി ഫിഷിംഗ് ഹാർബർ (13.27 കോടി) – സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

2. ചേറ്റുവ ഫിഷിംഗ് ഹാർബർ (8.83 കോടി) – സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

3. മുനയ്ക്കകടവ് ഫിഷിംഗ് ഹാർബർ (11.67 കോടി) – സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

4. ചെല്ലാനം ഫിഷിംഗ് ഹാർബർ (12.63 കോടി) – സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

5. വെള്ളയിൽ ഫിഷിംഗ് ഹാർബർ (29.96 കോടി) – സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

6. താനൂർ ഫിഷിംഗ് ഹാർബർ (19.39 കോടി) – സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

7. പൊന്നാനി ഫിഷിംഗ് ഹാർബർ (19.45 കോടി) – സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**<u>മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ</u>**

| | | | |
|---|---|---|---|
| | | | തീരദേശത്തെ പശ്ചാത്തല സൗകര്യ വികസനത്തിനായി 6 ജില്ലകളിൽ 8 ഐസ് പ്ലാന്റുകൾ സ്ഥാപിക്കൽ, എറണാകുളം ജില്ലയിൽ കോൾഡ് സ്റ്റോറേജ് അപ്ഗ്രഡേഷൻ ഇവയെ എല്ലാം ഇൻസുലേറ്റഡ് വെഹിക്കിൾസ് മുഖേന ബന്ധിപ്പിച്ചു കൊണ്ടുള്ള കോൾഡ് ചെയിൻ എന്നീ പദ്ധതികളാണ് മത്സ്യഫെഡ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | മത്സ്യബന്ധന യാനങ്ങളുടെ നിരീക്ഷണത്തിനും നിയന്ത്രണത്തിനുമായി കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന ട്രാൻസ്പോൻഡിയർ ഘടിപ്പിക്കുന്ന പദ്ധതി കേരളത്തിൽ ആദ്യഘട്ടത്തിൽ എത്ര യാനങ്ങളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ടി പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (ബി) | സമുദ്ര മത്സ്യബന്ധന യാനങ്ങളുടെ നിരീക്ഷണത്തിനും നിയന്ത്രണത്തിനുമായി ദേശീയ വെസൽ കമ്മ്യൂണിക്കേഷൻ ആൻഡ് സപ്പോർട്ട് സിസ്റ്റത്തിന്റെ ഭാഗമായി 3352 യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളിലും (Motorised Mechanised) 2648 യന്ത്രവത്കൃതമല്ലാത്ത മത്സ്യബന്ധന യാനങ്ങളിലും (Non Mechanised) ഉൾപ്പെടെ ആകെ 6000 മത്സ്യബന്ധനയാനങ്ങളിലാണ് കേരളത്തിൽ ആദ്യഘട്ടത്തിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കുന്നത്.<br><br>ഓഖി പോലുള്ള ദുരന്തങ്ങൾ ഉണ്ടാകുമ്പോഴും കാലാവസ്ഥാ മുന്നറിയിപ്പുള്ള പ്പോഴും, കൂടാതെ കടലിൽ വെച്ച് അപകടത്തിൽപ്പെടുമ്പോഴും യഥാസമയം വിവര കൈമാറ്റം സാധ്യമല്ലാത്ത സാഹചര്യം രാജ്യത്തുടനീളം നിലനിൽക്കുന്നു. ഇതിൽ പല യാനങ്ങളും മൂന്ന് ദിവസം മുതൽ ഒരു മാസം വരെ നീളുന്ന മത്സ്യബന്ധനത്തിൽ (Multi day fishing) ഏർപ്പെടുന്നവയാണ്. അന്താരാഷ്ട്ര അതിർത്തി കടന്ന് മത്സ്യബന്ധനത്തിലേർ പ്പെടുമ്പോൾ മറ്റു രാജ്യങ്ങളുടെ സൈന്യ ത്തിന്റെ പിടിയിലാകുന്ന സാഹചര്യവും കപ്പൽചാൽ തിരിച്ചറിയാൻ കഴിയാതെ കപ്പൽ ഇടിച്ച് അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യവും പലപ്പോഴും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യങ്ങൾ മറികടക്കുന്നതിന് പ്രധാന മന്ത്രി മത്സ്യ സമ്പദ യോജന (PMMSY) യിൽ 60:40 എന്ന അനുപാതത്തിൽ യഥാക്രമം കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും വകയിരുത്തി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടൊപ്പം ആശയ വിനിമയ ത്തിനും, നിരീക്ഷണത്തിനും, നിയന്ത്രണ ത്തിനുമായി, ഗുണഭോക്തൃ വിഹിതമില്ലാതെ 100 ശതമാനം സബ്സിഡിയോടെ 6000 മത്സ്യബന്ധന യാനങ്ങളിൽ ട്രാൻസ്പോണ്ടർ ഘടിപ്പിക്കുന്നതിനുള്ള 22.665 കോടി രൂപയുടെ 'മത്സ്യബന്ധന യാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന ദേശീയ റോൾഔട്ട്' എന്ന ഒരു പുതിയ പദ്ധതി മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതി തുകയിൽ 13.599 കോടി |

| | | | |
|---|---|---|---|
| | | | രൂപ കേന്ദ്ര വിഹിതവും 9.066 കോടി രൂപ സംസ്ഥാന വിഹിതവും ഉൾപ്പെടുന്നു.<br><br>കേന്ദ്ര സർക്കാരിൽ നിന്നുള്ള നിർദ്ദേശ പ്രകാരം സംസ്ഥാന വിഹിതമായ 9.066 കോടി രൂപയുടെ 25% തുകയായ 2.2665 കോടി രൂപ പദ്ധതി നിർവഹണ ഏജൻസിയായ NSIL (New Space India Ltd) എന്ന കമ്പനിയുടെ അക്കൗണ്ടിലേക്ക് ആദ്യ ഗഡുവായി അനുവദിച്ച് നൽകിയിട്ടുണ്ട്. 2024 മാർച്ച് ആദ്യ വാരത്തിൽ മുനമ്പം മത്സ്യബന്ധന തുറമുഖത്ത് 10 യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിൽ ട്രാൻസ്പോണ്ടറു കൾ സ്ഥാപിച്ചു. വൈപ്പിൻ ഫിഷറീസ് സ്റ്റേഷൻ വഴിയാണ് ഇവയുടെ നിരീക്ഷണം നടത്തുന്നത്. ടാൻസ്പോണ്ടറുകൾ ഘടിപ്പിച്ചിട്ടുള്ള യാനങ്ങളെ നിരീക്ഷിക്കുന്ന തിനായി 'നഭ്മിത്ര വെബ് പോർട്ടൽ' തയ്യാറാക്കിയിട്ടുണ്ട്. വരും മാസങ്ങളിൽ ബാക്കി യാനങ്ങളിൽ കൂടി ട്രാൻസ്പോണ്ടറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ട്രാൻസ്പോണ്ടറുകളുടെ ഇൻസ്റ്റലേഷനും, പരിപാലനവും സംബന്ധിച്ച മാസ്റ്റർ ട്രെയിനർമാരുടെ പരിശീലനം കേരളത്തി നായി കേന്ദ്ര സർക്കാർ നിയോഗിച്ച M/s Accord എന്ന സ്ഥാപനം മുഖേന ഫിഷറീസ് സ്റ്റേഷൻ അസിസ്റ്റന്റ് ഡയറക്ടർ മാർ, സാഗർമിത്രകൾ, എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവരുൾപ്പെടെ വകുപ്പിലെ 70 ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ